പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3304 — 24.06.2013-ൽ ഇടക്കാല മറുപടി നൽകിയിരുന്നത്

## സംസ്ഥാന ബിവറേജ് കോർപ്പറേഷനിൽ ലാസ്റ്റ് ഗ്രേഡ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേരള സംസ്ഥാന ബിവറേജ് കോർപ്പറേഷനിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനത്തിന് ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി അറിയിക്കാമോ; | (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിലെ ഹെൽപ്പർ/പ്യൂൺ തസ്തികയ്ക്കായി, 18/12/2012-നാണ് സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| (ബി) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് സാധാരണയായി എത്ര സമയം വേണ്ടി വരാറുണ്ട്; | (ബി) ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം, റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനു മുമ്പായി നടത്തേണ്ട പ്രായോഗിക പരീക്ഷയുടേയോ, കായികക്ഷമതാ പരീക്ഷയുടേയോ ആവശ്യകത എന്നിവ അനുസരിച്ച് സമയം വ്യത്യാസപ്പെടാം. |
| (സി) പ്രസ്തുത തസ്തികയിലേക്ക് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടും സർട്ടിഫിക്കറ്റ് പരിശോധന വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) ഈ തസ്തികയ്ക്കായി സൈക്ലിംഗ് ടെസ്റ്റും സംഘടിപ്പിക്കേണ്ടതുണ്ട്. സൈക്ലിംഗ് ടെസ്റ്റും (പുരുഷ ഉദ്യോഗാർത്ഥികൾക്ക് മാത്രം), പ്രമാണ പരിശോധനയും, 2013 ജൂലൈ 15 മുതൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത തസ്തികയിലേക്ക് സർട്ടിഫിക്കറ്റ് പരിശോധന നടത്തി, എന്ന് നിയമന ശുപാർശ നൽകാനാവുമെന്ന് വ്യക്തമാക്കുമോ? | (ഡി) സൈക്ലിംഗ് ടെസ്റ്റിനും പ്രമാണ പരിശോധനയ്ക്കും ശേഷം വളരെ വേഗം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശുപാർശാ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ